DESPATCHED
On... 29/07/21

13/7/21


സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
തിരുവനന്തപുരം 695 001
ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in


**ഹർജി നമ്പർ AP No. 1406(1)/2020/SIC തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**
**(ഫയൽ നമ്പർ: 8560/SIC-G4/2020)**

സന്നിഹിതൻ
ഡോ. വിശ്വാസ് മേത്ത, മുഖ്യ വിവരാവകാശ കമ്മീഷണർ
തീയതി: 2021 ജൂലൈ 13

ശ്രീ. കെ.സുകുമാരപിള്ള,
കൊച്ചുവീട്, പാട്ടത്തിൻകര,
തോന്നയ്ക്കൽ പി.ഒ.,
തിരുവനന്തപുരം - 695 317.
} അപ്പീൽ ഹർജിക്കാരൻ

1) സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
ഡെപ്യൂട്ടി തഹസിൽദാർ(എൽ.എ.)
താലൂക്ക് ആഫീസ്,
കോട്ടയ്ക്കകം, തിരുവനന്തപുരം.

2) അപ്പീൽ അധികാരി & തഹസിൽദാർ,
താലൂക്ക് ആഫീസ്,
കോട്ടയ്ക്കകം, തിരുവനന്തപുരം.
} എതിർകക്ഷികൾ

## ഉത്തരവ്

മേൽ അപ്പീൽ ഹർജിയിൽ 13/11/2020-ന് കമ്മീഷൻ പുറപ്പെടുവിച്ച ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച വിശദീകരണത്തിൽ ബോധിപ്പിച്ചത്, അപ്പീൽ ഹർജിക്കാരൻ ആവശ്യപ്പെട്ട രേഖകൾ കണ്ടെത്തുന്നതിലേയ്ക്കായി വിശദമായ അന്വേഷണം നടത്തി രേഖകൾ കണ്ടെത്തി ഹർജിക്കാരന് നൽകണമെന്നും അഥവാ രേഖകൾ ടി കാര്യാലയത്തിൽ ലഭ്യമാകാത്ത പക്ഷം ആയത് ലഭ്യമാകാൻ ഇടയുള്ള ഓഫീസുകളിൽ നിന്നും വിവരം ശേഖരിച്ച് നൽകണമെന്നും 17.12.2020-ലെ കത്ത് പ്രകാരം രണ്ടാം എതിർകക്ഷി നിർദ്ദേശിച്ചുവെന്നും ആയതിന്റെ അടിസ്ഥാനത്തിൽ ടി രേഖകൾ കണ്ടെത്തുന്നതിനായി ടി കാര്യാലയത്തിൽ വിശദമായ അന്വേഷണം

നടത്തിയെങ്കിലും ബന്ധപ്പെട്ട ഫയൽ കണ്ടെത്താൻ സാധിച്ചില്ലെന്നും തുടർന്ന് മേൽതോന്നയ്ക്കൽ വില്ലേജ് ഓഫീസറുടെ 23/12/2020-ലെ 269/20 നമ്പർ ഉത്തരവ് പ്രകാരം ലഭ്യമായിട്ടുള്ള വിവരങ്ങളുടെ അടിസ്ഥാനത്തിൽ ലഭ്യമായ വിവരങ്ങൾ അപ്പീൽ ഹർജിക്കാരന് നൽകിയിട്ടുണ്ടെന്നുമാണ്. ഇക്കാര്യത്തിൽ രണ്ടാം എതിർകക്ഷി ലഭ്യമാക്കിയ റിപ്പോർട്ടിൽ കമ്മീഷൻ ഉത്തരവ് നടപ്പിലാക്കുന്നതിലേയ്ക്കായി ഹർജിക്കാരൻ ആവശ്യപ്പെട്ട എൽ.എ1-591/1995 നമ്പർ പട്ടയം കണ്ടെത്തി നൽകാൻ എസ്.പി.ഐ.ഒ.യ്ക്ക് കഴിഞ്ഞില്ല എന്നും, പ്രസ്തുത ഫയൽ കണ്ടത്താൻ ഹെഡ്ക്വാർട്ടേഴ്സ് ഡെപ്യൂട്ടി തഹസിൽദാരുടെ നേതൃത്വത്തിൽ 4 പേരടങ്ങുന്ന ടീം രൂപീകരിച്ച് സാധ്യമായ എല്ലാവിധത്തിലും തെരച്ചിൽ നടത്തിയെങ്കിലും ഹർജിക്കാരൻ ആവശ്യപ്പെട്ട എൽ.എ1/591/1995 നമ്പർ ഫയൽ കണ്ടെത്തുവാൻ സാധിച്ചിട്ടില്ല എന്നുമാണ്. മേൽ വിശദീകരണങ്ങൾ കമ്മീഷൻ പരിശോധിച്ചതിൽ കമ്മീഷൻ ഉത്തരവിനെ തുടർന്ന് ഫയൽ കണ്ടെത്തി മറുപടി ലഭ്യമാക്കുന്നതിന് പരമാവധി ശ്രമങ്ങൾ എതിർകക്ഷികൾ നടത്തിയിട്ടുള്ളതായും രേഖകൾ നൽകാതിരുന്നത് ബോധപൂർവ്വമായിരുന്നില്ല എന്നും കമ്മീഷന് ബോദ്ധ്യമാകുന്നു. ആയതിനാൽ ടി അപ്പീൽ ഹർജിയിൻമേൽ മറ്റു നടപടികൾ ആവശ്യമില്ലെന്ന് വിലയിരുത്തി ഹർജിയിലെ നടപടികൾ അവസാനിപ്പിച്ചു കൊണ്ട് ഇന്നേ ദിവസം 2021 ജൂലൈ 13-ാം തീയതി കമ്മീഷൻ അന്തിമ ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്
ഡോ. വിശ്വാസ് മേത്ത
മുഖ്യ വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി

STATE INFORMATION COMMISSION • KERALA, THIRUVANANTHAPURAM •